# പതിമൂന്നാം കേരള നിയമസഭ
# പത്താം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 1385** — **20.01.2014 ൽ മറുപടിക്ക്**

## നെല്ല് സംഭരണവും സംസ്കരണവും

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| പ്രൊഫ. സി. രവീന്ദ്രനാഥ്: | | ശ്രീ. അനൂപ് ജേക്കബ് (ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി) | |
| (എ) | സിവിൽ സപ്ലൈസ് കോർപ്പറേഷൻ ഈ വർഷം എത്ര ടൺ നെല്ല് സംഭരിക്കാനാണ് ലക്ഷ്യമിട്ടിരിക്കുന്നത്; ഇതിനകം സംഭരിച്ചത് എത്ര; | (എ) | ഈ വർഷം അതായത് 2013 -14 രണ്ടാം സീസണിൽ ഏകദേശം 4 ലക്ഷത്തോളം മെ.ടൺ നെല്ല് സംഭരിക്കാനാണ് ലക്ഷ്യമിട്ടിരിക്കുന്നത്. 2013-14 ഒന്നാം സീസണിൽ നാളിതുവരെ 134958 മെ.ടൺ നെല്ല് സംഭരിച്ചു കഴിഞ്ഞിട്ടുണ്ട്. |
| (ബി) | നെല്ല് സംഭരിച്ച ഇനത്തിൽ കോർപ്പറേഷൻ കൊടുത്ത് തീർക്കാനുള്ള കുടിശ്ശിക തുക എത്രയാണ്; | (ബി) | കുടിശ്ശിക ഒന്നും കൊടുക്കാനില്ല. 2013-14 നടപ്പു വർഷത്തിലെ ഒന്നാം സീസണിൽ സപ്ലൈകോ ഇതുവരെ 134958 മെ.ടൺ നെല്ല് സംഭരിക്കുകയും ആയതിന്റെ മുഴുവൻ തുകയും ഇതിനകം തന്നെ കൊടുത്തുതീർത്തിട്ടുണ്ട്. (10.01.2014 വരെയുള്ള മുഴുവൻ തുകയും (239.9 കോടി) കൊടുത്ത് തീർത്തിട്ടുണ്ട്. |
| (സി) | ശേഖരിച്ച നെല്ല് പൂർണമായും അരിയാക്കി, കോർപ്പറേഷൻ തന്നെ നേരിട്ട് വില്പന നടത്തുമോ; | (സി) | കേന്ദ്ര ഗവൺമെന്റിന്റെ വികേന്ദ്രീകൃത സംഭരണ പദ്ധതിയിലൂടെ സംഭരിക്കുന്ന നെല്ല് സപ്ലൈകോയുമായി കരാറിലേർപ്പെട്ടിരിക്കുന്ന മില്ലുകൾ വഴി കുത്തി അരിയാക്കി പൊതു വിതരണ സമ്പ്രദായത്തിലൂടെയാണ് വിതരണം ചെയ്യുന്നത്. ഈ അരി കേന്ദ്ര ഗവൺമെന്റിന്റെ നിർദ്ദേശപ്രകാരം പൊതു വിതരണ സമ്പ്രദായം വഴിയേ വിതരണം ചെയ്യുവാൻ സാധിക്കുയുള്ളു. |
| (ഡി) | കിലോ ഒന്നിന് എന്ത് തുക നല്കിക്കൊണ്ടാണ് നെല്ല് സംഭരിച്ചിരിക്കുന്നത്; സംഭരിച്ച നെല്ല് കുത്തി അരിയാക്കി വിൽക്കുമ്പോൾ ഉപഭോക്താവിൽ നിന്നീടാക്കുന്ന നിരക്ക് എത്ര; | (ഡി) | 18 രൂപ വച്ചാണ് ഇപ്പോൾ നെല്ല് സംഭരിക്കുന്നത്. പൊതു വിതരണ സമ്പ്രദായത്തിലൂടെ APL(N), APL(SS), BPL, AAY പദ്ധതി പ്രകാരം സംസ്ഥാന സർക്കാർ നിശ്ചയിച്ചി രിക്കുന്ന വിലയായ കി.ഗ്രാമിന് 8.90 രൂപ (APL(N)), 2 രൂപ (APL(SS)), 1രൂപ (BPL & AAY) എന്ന നിരക്കിലാണ് അരി വിതരണം ചെയ്യുന്നത്. |

| | | | |
|---|---|---|---|
| (ഇ) | നെല്ല് സംഭരണ പദ്ധതിയിൻ കീഴിലും മറ്റു മായി സിവിൽ സ്പ്ലൈസ് കോർപ്പറേഷന് ഗവൺമെന്റ് നൽകുവാൻ കുടിശ്ശികയായിട്ടുള്ള തുക എത്ര; വിശദമാക്കുമോ? | (ഇ) | നെല്ല് സംഭരണത്തിനായി 2013-14 വർഷത്തെ ബഡ്ജറ്റിൽ 180 കോടി രൂപയാണ് ഉൾക്കൊള്ളിച്ചിട്ടുള്ളത്. ആയതിൽ നിന്നും നാളിതുവരെ 150.7339729 കോടി രൂപ സപ്ലൈകോയ്ക്ക് അനുവദിച്ചിട്ടുണ്ട്. 2013-14 ഒന്നാം സീസണിൽ നെല്ല് സംഭരിച്ച വകയിൽ 43.54 കോടി രൂപയുടെ പ്രൊപ്പോസൽ സപ്ലൈകോ സമർപ്പിച്ചിട്ടുണ്ട്. ആയത് പരിശോധിച്ച് വരുന്നു. |

Beenau

**സെക്ഷൻ ഓഫീസർ**

N